# കലാമാധ്യമം

## കാമ്പസ് സ്പെഷൽ

ഇത് ഡിസംബർ-
നക്ഷത്രങ്ങൾ
മിഴിതുറക്കുന്ന
മാസം.
ഫാറൂഖാബാദും
നക്ഷത്ര
തിളക്കത്തിലാണ്.
പഞ്ചനക്ഷത്ര
പദവി ലഭിച്ച
കോഴിക്കോട്
ഫാറൂഖ്
കോളേജിനെ
കുറിച്ച്



# നക്ഷത്രശോഭയിൽ ഫാറൂഖാബാദ്

ചിത്രങ്ങൾ: പി.സനിപ്

**ബി.എസ് നിസാമുദ്ദീൻ**

**ഫാറൂഖ് കോളേജിൽനിന്ന് ജീവിതത്തിന്റെ വിഭിന്ന മേഖലകളിൽ എത്തുന്നവർക്ക് ഒരിക്കലും മറക്കാനാവാത്ത ഒന്നാണ് ലൈബ്രറി. എത്ര അകലെയായാലും ഒരു തവണയെങ്കിലും സംശയ നിവാരണത്തിന് കാമ്പസിൽ എത്താൻ പ്രേരിപ്പിക്കുന്നത് ഈ ലൈബ്രറിയാണ്.**



**കൂടുതൽ കൂടുതൽ ഉയരത്തിലേക്ക് വളരുമ്പോഴും ഫാറൂഖാബാദിലെ മണൽത്തരികൾ പറയുന്നത് ത്യാഗത്തിന്റെ കഥകളാണ്.**





'നാക്' ൻെറ പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യാൻ ഫാറൂഖ് കോളേജിലെത്തിയ കേന്ദ്ര മന്ത്രി ഇ. അഹമ്മദിനെ യു.ജി.സി. വൈസ് ചെയർമാൻ ഡോ. വി. എൻ. രാജശേഖരൻപിള്ള, വൈസ് ചാൻസലർ സയ്യിദ് ഇഖ്ബാൽ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.

കോഴിക്കോട്: അഫിലിയേഷൻ സംവിധാനം ഉന്നത വിദ്യാഭ്യാസത്തിന് ശാപമാണെന്ന് യൂണിവേഴ്സിറ്റി ഗ്രാൻറ്സ് കമ്മീഷൻ വൈസ് ചെയർമാൻ ഡോ. വി. എൻ. രാജശേഖരൻ പിള്ള കുറ്റപ്പെടുത്തി.

'നാക്' പത്താം വാർഷിക പ്രഭാഷണ പരമ്പരയോടനുബന്ധിച്ച് ഫാറൂഖ് കോളേജിൽ 'ഗുണമേൻമയുള്ള ഉന്നത വിദ്യാഭ്യാസവും വികസനവും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കോളേജുകളുടെ അഫിലിയേഷൻ സംവിധാനം ഇന്ത്യയിൽ കൊണ്ടുവന്നത് ലണ്ടൻ യൂണിവേഴ്സിറ്റിയുടെ മാതൃക പിന്തുടർന്നുകൊണ്ടായിരുന്നു. എന്നാൽ ലണ്ടൻ യൂണിവേഴ്സിറ്റി ഉൾപ്പെടെ ലോകത്തെ മിക്ക യൂണിവേഴ്സിറ്റികളും അഫിലിയേഷൻ രീതി ഉപേക്ഷിച്ചിട്ട് വർഷങ്ങൾ ഏറെ കഴിഞ്ഞു. ഇപ്പോൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മാത്രമേ അഫിലിയേഷൻ സംവിധാനം നിലവിലുള്ളൂ- അദ്ദേഹം വിശദീകരിച്ചു.

അഫിലിയേഷൻ ഇല്ലാതെ സ്വയംഭരണാവകാശത്തോടെ പ്രവർത്തിക്കുന്ന ഇന്ത്യയിലെ തന്നെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തുടങ്ങിയ സ്ഥാപനങ്ങൾ വളരെ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നത്. പിന്നെ എന്തുകൊണ്ട് സാധാരണ കോളേജുകൾക്ക് സ്വയംഭരണാവകാശത്തോടുകൂടി പ്രവർത്തിച്ചുകൂട? അദ്ദേഹം ചോദിച്ചു.

കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകിയാൽ തട്ടിപ്പ് നടക്കുമെന്ന വാദം ശരിയല്ല. ഇപ്പോഴത്തെ യൂണിവേഴ്സിറ്റി ഭരണത്തിൽ അദ്ധ്യാപകർക്ക് സിലബസ് നിശ്ചയിക്കുന്നതിലും പരീക്ഷാ നടത്തിപ്പിലും യാതൊരു പങ്കുമില്ല. സ്വയംഭരണാവകാശം ലഭിക്കുന്നതോടെ സിലബസ് നിശ്ചയിക്കുന്നതും പരീക്ഷ നടത്തുന്നതും വിദ്യാർത്ഥികളെ വിലയിരുത്തുന്നതുമെല്ലാം അദ്ധ്യാപകർ തന്നെയായിരിക്കും. അദ്ധ്യാപകർക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതോടെ മാത്രമേ ഉന്നത വിദ്യാഭ്യാസ ഗുണമേൻമ വർദ്ധിക്കുകയുള്ളൂ- അദ്ദേഹം വിശദീകരിച്ചു.

വിദ്യാഭ്യാസ ഗുണമേൻമയ്ക്ക് സർക്കാർ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ഉന്നത വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപകർക്ക് നിർണ്ണായക പങ്കാണ് വഹിക്കാനുള്ളതെന്ന് രാജശേഖരൻ പിള്ള പറഞ്ഞു.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി കേന്ദ്ര മന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ യൂണിവേഴ്സിറ്റികളുടെയും കോളേജുകളുടെയും എണ്ണത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഗുണനിലവാരത്തിൻെറ കാര്യത്തിൽ ആശങ്കയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നല്ല പൗരൻമാരെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക് വലുതാണ്. അതോടൊപ്പം തന്നെ വിദ്യാഭ്യാസ സ്ഥപനങ്ങൾ വിവിധ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സാംസ്കാരിക ചരിത്ര പാരമ്പര്യവും ഉൾക്കൊള്ളാൻ ശ്രമിക്കണം- ഇ. അഹമ്മദ് അഭിപ്രായപ്പെട്ടു.

കലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സയ്യിദ് ഇക്ബാൽ ഹസ്നൈൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റി സെക്രട്ടറി കെ.വി. കുഞ്ഞഹമ്മദ് കോയ ആശംസാ പ്രസംഗം നടത്തി. കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. എ. കുട്ട്യാലിക്കുട്ടി സ്വാഗതവും 'നാക' ഉപദേഷ്ടാവ് ഡോ. ലതാ പിള്ള നന്ദിയും പറഞ്ഞു.

നാഷണൽ അസസ്മെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിൻെറ പത്താം വാർഷികത്തോടനുബന്ധിച്ച് ഇന്ത്യയിൽ മൊത്തം പത്തു പ്രഭാഷണ പരമ്പരകളാണ് സംഘടിപ്പിക്കുന്നത്. ഇതിൽ ഒമ്പതാമത്തെ പ്രഭാഷണമാണ് ഫാറൂഖ് കോളേജിൽ നടക്കുന്നത്. പത്താമത്തെ പ്രഭാഷണം അടുത്ത മാസം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നടക്കും.

തോടൊപ്പം നടപ്പിലാക്കും. ഡിഗ്രിക്ക് ശേഷം ഒരു കോൺഫറൻസ് ഹാളിൽ എത്തിച്ചേരണം. ഗീത ചാർജെടുക്കും. പ്രസിഡൻറ സമയത്തുതന്നെ അതേ ദിശയിൽ സമ്മേളനത്തിൽ സംബന്ധിച്ചു.

## ...കളുടെ പട്ടികവർഗ്ഗ ...ർക്ക് അംഗീകാരം

...ന പദ്ധതിയിൽ കീഴിൽ 29 ഗ്രാമപ...ത് പഞ്ചായത്തുകളുടെയും പട്ടികവർ... ...ഴിക്കോട് കലക്ടറേറ്റിൽ ചേർന്ന ജി... ...ം അംഗീകാരം നൽകി. പ്രസിഡണ്ട് ...തയിൽ ചേർന്ന യോഗത്തിൽ ജില്ലാ ...നിംഗ് ഓഫീസർ എൻ. രാധാകൃഷ്... ...സ് പ്രസിഡണ്ട് വി. കുഞ്ഞാലി, കെ. ...പ്പാല രാഘവൻ, എം.സി. ഇബ്രാഹിം, ...ന്നൻ തുടങ്ങിയവർ സന്നിഹിതരായി

...ത്തിൻെറ 5.46 ലക്ഷം രൂപയുടെയും ...യും കുന്നുമ്മൽ ബ്ലോക്കിൻെറ 1.48 ല... ...ൻെറ 4.82 ലക്ഷം രൂപയുടെയും തുണ... ...ം പദ്ധതികൾക്കാണ് അംഗീകാരമായ

...ടാഞ്ചേരി (3.16), ചക്കിട്ടപ്പാറ (0.99) ല...), കാക്കൂർ (1.69 ലക്ഷം), താമരശ്ശേരി ...ക്ഷം), ചെക്യാട് (1.26), കവിലുംപാറ ...8), ഓമശ്ശേരി (0.56), ഉണ്ണികുളം (1.21), ...22), തിരുവമ്പാടി (2.05), വളയം (1.54), ...28), കോട്ടൂർ (5.48), നടുവണ്ണൂർ (0.23), ...1.54), ബാലുശ്ശേരി (0.84), കാരശ്ശേരി ... (1.33), വാണിമേൽ (6.82), കൊടുവ...ളുടെ പദ്ധതികൾക്കും അംഗീകാരമാ...

## ...ന് കീഴിലാക്കണം

...ന്ന അനുബന്ധ തൊഴിലാളികളുടെ ക്ഷേ... ...സ്യബന്ധന തൊഴിലാളി ക്ഷേമനിധി ...ിരിക്കുന്നതെന്നും രണ്ട് മേഖലയിലെ ... സൃഷ്ടിക്കുന്നതിനാൽ വിതരണ അ...ി പ്രത്യേക ക്ഷേമനിധി ബോർഡ് രൂ... ...ാർക്കറ്റ് മൽസ്യവിതരണ തൊഴിലാ... ...ശ്യപ്പെട്ടു. വൈസ് പ്രസിഡണ്ട് വി.പി. ...ണ്ടാം മണ്ഡലം മുസ്ലിംലീഗ് ജന... ...കായ ഉദ്ഘാടനംചെയ്തു. എ.ടി. ല... ...എ.പി. റഫീഖ്, പി.പി. കുഞ്ഞു... ...കെ.പി. അബ്ദുൽകരീം സ്വാഗ...

# ഫാറൂഖ് കോളജിൻെറ മുന്നേറ്റം അഭിമാനാർഹം – മന്ത്രി അഹമ്മദ്

കോഴിക്കോട്: വിദ്യാഭ്യാസരംഗത്ത് ഫാറൂഖ് കോളജ് നടത്തിയ മുന്നേറ്റം അഭിമാനകരമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് അഭിപ്രായപ്പെട്ടു. 'നാക്'ിൻെറ ദേശീയ ദശവാർഷിക പ്രഭാഷണ പരമ്പര ഫാറൂഖ് കോളജ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ഫാറൂഖ് കോളജ് വഹിച്ച പങ്ക് നിസ്തുലമാണ്. അബ്ദുസ്സബാഹ് മൗലവി, കെ.എം. സീതി സാഹിബ് തുടങ്ങിയ മഹാരഥന്മാർ അസ്ഥിവാരമിട്ട ഈ സ്ഥാപനം സമുദായത്തിൻെറ ഉന്നതിക്ക് വെളിച്ചം ചൊരിഞ്ഞുവെന്ന് ഇ. അഹമ്മദ് വ്യക്തമാക്കി. നാക്കിൻെറ അംഗീകാരം ലഭിച്ച കേരളത്തിലെ ആദ്യ കോളജ് എന്ന അംഗീകാരം ഫാറൂഖ് കോളജിന് മാത്രമാണ്. ഉന്നത വിദ്യാഭ്യാസത്തിനുതകുന്ന എല്ലാതരം അടിസ്ഥാന സൗകര്യങ്ങളുമുള്ള ഫാറൂഖ് കോളജ് യു.ജി.സി. അംഗീകാരത്തോടെ രാജ്യവ്യാപകമായി അറിയപ്പെട്ടുവെന്ന് മന്ത്രി വിശദീകരിച്ചു.

ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സയ്യിദ് ഇഖ്ബാൽ ഹസനൈൻ അധ്യക്ഷനായിരുന്നു. യു.ജി.സി. വൈസ് ചെയർമാൻ ഡോ. വി.എൻ. രാജശേഖരൻപിള്ള മുഖ്യ പ്രഭാഷണം നടത്തി. കോളജ് കമ്മിറ്റി സെക്രട്ടറി കെ.വി. കുഞ്ഞഹമ്മദ് ആശംസകൾ നേർന്നു. പ്രിൻസിപ്പൽ പ്രൊഫ. എ. കുട്ട്യാലിക്കുട്ടി സ്വാഗതവും ഡോ. ലതാപിള്ള നന്ദിയും പറഞ്ഞു.



നാക്കിൻെറ ദേശീയ ദശവാർഷിക പ്രഭാഷണ പരമ്പര ഫാറൂഖ് കോളജ് ഓഡിറ്റോറിയത്തിൽ വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ലതാപിള്ള, യു.ജി.സി. വൈസ് ചെയർമാൻ വി.എൻ. രാജശേഖരൻപിള്ള, വൈസ് ചാൻസലർ ഡോ. സയ്യിദ് ഇഖ്ബാൽ ഹസ്നൈൻ, കെ.വി. കുഞ്ഞഹമ്മദ്കോയ, പ്രിൻസിപ്പൽ പ്രൊഫ. എ. കുട്ട്യാലിക്കുട്ടി സമീപം.

## സമസ്ത അവാർഡ് വിതരണം

കോഴിക്കോട്: സമസ്ത കേരള ഇസ്ലാംമത വിദ്യാഭ്യാസ ബോർഡ് നടത്തിയ പൊതുപരീക്ഷയിൽ ജില്ലയിൽ നിന്ന് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീൻ ഏർപ്പെടുത്തിയ അവാർഡ് എസ്.കെ.ജെ.എം.സി.സി. സ്റ്റേറ്റ് സെക്രട്ടറി ഡോ. എൻ.എ.എം. അബ്ദുൽ ഖാദിർ വിതരണം ചെയ്തു. ഫറോക്ക് റെയ്ഞ്ചിലെ പട്ടാണ്ടി മമ്പളൽ ഉലൂം മദ്രസയിലെ ലുബ്നാ ഷറിൻ കെ., കോഴിക്കോട് റെയ്ഞ്ചിലെ മെട്രോ നൂറുൽ ഇസ്ലാം മദ്രസയിലെ രിഷ്ന കെ.വി., മുക്കം റെയ്ഞ്ചിലെ എം.എം.ഒ.വിലെ കെ. അബ്ദുൽ ഖാദിർ എന്നിവരാണ് അവാർഡിനർഹർ. ചടങ്ങിൽ സ്റ്റേറ്റ് ഉപാധ്യക്ഷൻ എം.എം. മുഹ്യുദ്ദീൻ മുസ്ല്യാർ ആലുവ അധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് ട്രഷറർ കെ.കെ. ഇബ്രാഹിം മുസ്ല്യാർ, എം.എ. ചേളാരി, പി.കെ. അബൂബക്കർ മാസ്റ്റർ, കെ.സി. അഹമ്മദ്കുട്ടി മുസ്ല്യാർ, എം. അബ്ബാസ് മൗലവി ഒളവിയം, സലാം ഫൈസി മുക്കം, പി.കെ. അബൂസബാഹ് മൗലവി പ്രസംഗിച്ചു. ജില്ലാ ജന. സെക്രട്ടറി ആർ.വി. അബ്ബാസ് ദാരിമി സ്വാഗതവും പി. ഹസൈനാർഫൈസി നന്ദിയും പറഞ്ഞു.

## പ്രഭാഷണ കാസറ്റ്

കോഴിക്കോട്: ജില്ലാ ജംഇയ്യത്തുൽ മുഅല്ലിമീന് കീഴിലുള്ള മുഅല്ലിം സെൻറർ പുറത്തിറക്കുന്ന കക്കാട് മുഹമ്മദ് ഫൈസി കുറ്റിക്കാട്ടൂർ ജാമിഅ യമാനിയ്യയിൽ നടത്തിയ "ശംസുൽ ഉലമ ആത്മീ...

# ഉന്നത വിദ്യാഭ്യാസരംഗത്ത് ഇന്ത്യ പിന്നിൽ: മന്ത്രി അഹമ്മദ്

2004 Sept 5

**കോഴിക്കോട്:** സ്വാതന്ത്ര്യത്തിനു ശേഷംസർവകലാശാലകളുടെ എണ്ണത്തിൽ പത്തിരട്ടി വർധനയുണ്ടായിട്ടും ഇന്ത്യ ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നാക്കം പോകുകയാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് പറഞ്ഞു. കോളജുകളുടെ എണ്ണം അഞ്ചിരട്ടിയിലേറെ വർധിച്ചിട്ടും വിദ്യാഭ്യാസത്തിൻെറ മൂല്യച്യുതിയിൽ അക്കാദമിക് വിദഗ്ധരും ഭരണകർത്താക്കളും ആശങ്കാകുലരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

'നാക്കി'ൻെറ 10-ാം വാർഷികത്തോടനുബന്ധിച്ച് ഫാറൂഖ്കോളജിൽ നടന്ന പ്രഭാഷണപരമ്പര ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



'നാക്കി'ൻെറ പത്താം വാർഷികത്തോടനുബന്ധിച്ച് ഫാറൂഖ് കോളജിൽ നടന്ന പ്രഭാഷണ പരമ്പര കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് ഉദ്ഘാടനം ചെയ്യുന്നു

ഉന്നത വിദ്യാഭ്യാസനിലവാരം ഉയർത്താൻ കോളജ് പ്രിൻസിപ്പൽമാർക്കും അധ്യാപകർക്കും സ്വയംഭരണാവകാശം നൽകണമെന്ന് മുഖ്യപ്രഭാഷണത്തിൽ യു.ജി.സി. വൈസ് ചെയർമാൻ ഡോ.വി.എൻ. രാജശേഖരപിള്ള ആവശ്യപ്പെട്ടു. പ്രാകൃതമായ അഫിലിയേഷൻ നിയമങ്ങളും പഠനരീതികളും ഉടച്ചുവാർക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കോളേജുകളിലെ വിദ്യാഭ്യാസമികവിനും അധ്യാപകരുടെ സാങ്കേതികജ്ഞാനത്തിനുമാണ് ഊന്നൽ നൽകേണ്ടത്. കോളേജുകാംക്കും വകുപ്പുമേധാവികാംക്കും പരീക്ഷാനടത്തിപ്പുാംപ്പെടെയുള്ള കാര്യങ്ങളിൽ സ്വയംഭരണാവകാശം നൽകണം. ഡീംഡ് സർവകലാശാലകളായ ഐ.ഐ.ടി, ഐ.ഐ.എം. എന്നിവയെ ഇക്കാര്യത്തിൽ മാതൃകയാക്കണമെന്ന് രാജശേഖരൻപിള്ള പറഞ്ഞു.

കലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. സയ്യിദ് ഇഖ്ബാൽ ഹസ്നൈൻ അധ്യക്ഷത വഹിച്ചു. കോളജ് മാനേജ്മെൻറ് കമ്മിറ്റി സെക്രട്ടറി കെ.വി. കുഞ്ഞഹമ്മദ്കോയ പ്രസംഗിച്ചു. പ്രിൻസിപ്പൽ പ്രൊഫ. എ.കുട്ട്യാലിക്കുട്ടി സ്വാഗതവും നാക് അഡ്വൈസർ ഡോ. ലതാപിള്ള നന്ദിയും പറഞ്ഞു.

2004 septem 5

കൾ ചെളിപിടിക്കുകയാണെങ്കിൽ സോപ്പ് വെള്ളം ഉപയോഗിച്ചു കഴുകാം.



മനോരമ

കോഴിക്കോട് ഫാറൂഖ് കോളജിൽ നാക് ദേശീയ ദശവത്സര പ്രഭാഷണ പരമ്പരയ്ക്കെത്തിയ കേന്ദ്രമന്ത്രി ഇ. അഹമ്മദ്, യു. ജി. സി. വൈസ് ചെയർമാൻ ഡോ. വി.എൻ. രാജശേഖരൻപിള്ള, കാലിക്കറ്റ് യൂണിവേഴ്സിറ്റി വി. സി: ഡോ. സയിദ് ഇഖ്ബാൽ ഹസ്നയ്ൻ എന്നിവർ വേദിയിലേക്ക് വരുന്നു.

# സ്ഥാപനങ്ങൾ നിലവാരവും സാംസ്കാരിക മൂല്യവും വർധിപ്പിക്കണം: ഇ.അഹമ്മദ്

കോഴിക്കോട്: വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവാരവും സാംസ്കാരിക മൂല്യവും വർധിപ്പിക്കാൻ യത്നിക്കണമെന്ന് വിദേശകാര്യ സഹമന്ത്രി ഇ.അഹമ്മദ് അഭ്യർഥിച്ചു. ഇന്ത്യൻ സർവകലാശാലകളിലെ അഫിലിയേഷൻ സമ്പ്രദായമാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ ശാപമെന്ന് യു.ജി.സി വൈസ് ചെയർമാൻ ഡോ.വി.എൻ. രാജശേഖരൻ പിള്ള വ്യക്തമാക്കി. നാഷനൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ(നാക്) ആഭിമുഖ്യത്തിൽ ഫാറൂഖ് കോളജിൽ സംഘടിപ്പിച്ച നിലവാരമുള്ള ഉന്നതവിദ്യാഭ്യാസവും സുസ്ഥിര വികസനവും എന്ന പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യുകയായിരുന്നു അഹമ്മദ്. മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു രാജശേഖരൻ പിള്ള.

രാജ്യത്ത് വിദ്യാർഥികളുടെ എണ്ണം ഗണ്യമായി വർധിച്ചെങ്കിലും വിദ്യാഭ്യാസ നിലവാര പ്രശ്നങ്ങൾ അക്കാദമിക നയരൂപവൽക്കരണ വിദഗ്ധരിൽ ഇന്ന് വല്ലാത്ത ഉൽക്കണ്ഠയുളവാക്കുന്നുണ്ടെന്ന് അഹമ്മദ് പറഞ്ഞു. വിവര സാങ്കേതിക രംഗത്തെ വിപ്ലവകരമായ വളർച്ച ഉയർത്തുന്ന വെല്ലുവിളി നേരിടാൻ ഒരോ സ്ഥാപനവും തയാറെടുപ്പു നടത്തണം. അതിന് തന്റേടവും ദൂരക്കാഴ്ചയും ഊർജസ്വലതയും ഉണ്ടാകണം. രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള സ്ഥിതിഗതികൾ വ്യത്യസ്തമാണ്. സാംസ്കാരികവും ചരിത്രപരവുമായ ഈ വൈവിധ്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകരിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

ലോകത്ത് ഇന്ത്യയിലും ബംഗ്ലാദേശിലും മാത്രമാണ് അഫിലിയേറ്റിങ് സമ്പ്രദായം നിലവിലുള്ളതെന്ന് രാജശേഖരൻ പിള്ള പറഞ്ഞു. ലണ്ടൻ സർവകലാശാലയുടെ മാതൃകയിലാണ് 1857ൽ ഇന്ത്യയിൽ സർവകലാശാലകൾ ആരംഭിച്ചത്. എന്നാൽ 1958ൽ തന്നെ ലണ്ടൻ സർവകലാശാല അഫിലിയേറ്റിങ് സമ്പ്രദായം ഉപേക്ഷിച്ചു. പിന്നെ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ മാത്രമാണ് ഈ സമ്പ്രദായം ശേഷിച്ചത്. അടുത്തകാലത്ത് പാകിസ്ഥാനും അതിൽ നിന്ന് മുക്തമായി. കോളജുകളെ സർവകലാശാലകളിൽ നിന്നു മോചിപ്പിക്കുന്നതുവരെ ഉന്നതവിദ്യാഭ്യാസരംഗത്തിനു മോചനമില്ലെന്ന് അദ്ദേഹം പറഞ്ഞു.

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ.സയ്യദ് ഇഖ്ബാൽ ഹസ്നൈൻ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് സർവകലാശാലയുടെ പതാകവാഹകരായ കോളജ് ആണ് ഫാറൂഖ് കോളജ് എന്ന് അദ്ദേഹം പറഞ്ഞു. പ്രിൻസിപ്പൽ പ്രഫ.എ.കുട്ട്യാലിക്കുട്ടി, ഫാറൂഖ് കോളജ് മാനേജിങ്കമ്മിറ്റി സെക്രട്ടറി കെ:വി കുഞ്ഞമ്മദ് കോയ, നാക് അഡ്വൈസർ ഡോ.ലത പിള്ള എന്നിവർ പ്രസംഗിച്ചു.